*Ref.* *Date:*

**MIN/211213/OAA** **Date: 13/12/2021**

# അക്കാദമിക് കൗൺസിൽ യോഗറിപ്പോർട്ട്

ദാറുൽഹുദാ അക്കാദമിക് കൗൺസിൽ മീറ്റിംഗ് 21-11-2021 ഞായറാഴ്ച കാലത്ത് 10.30-ന് ദാറുൽഹുദാ മീറ്റിംഗ് ഹാളിൽ വെച്ച് ചേർന്നു. രജിസ്ട്രാർ എം.കെ ജാബിറലി ഹുദവി അജണ്ട വിശദീകരിച്ച് ആമുഖഭാഷണം നടത്തി. ബഹു. വി.സി. ഉസ്താദ് ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ നിലവാരം കാത്തുസൂക്ഷിക്കുന്നതോടൊപ്പം സംസ്കാരങ്ങളും മൂല്യങ്ങളും തിരിച്ചു പിടിക്കാനുള്ളതുകൂടിയാകണം ദാറുൽഹുദാ പഠന സംവിധാനം എന്ന് ഉസ്താദ് ഉണർത്തി.

**പങ്കെടുത്തവർ**

1. ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി
2. എം.പി മുസ്ഥഫൽ ഫൈസി
3. യു. ശാഫി ഹാജി
4. ഡോ. യു.വി.കെ മുഹമ്മദ്
5. ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ വെളിമുക്ക്
6. കെ.സി മുഹമ്മദ് ബാഖവി കിഴിശ്ശേരി
7. അലി മൗലവി ഇരിങ്ങല്ലൂർ
8. ഡോ. ഫൈസൽ ഹുദവി മാരിയാട്
9. ഡോ. കെ.ടി ജാബിർ ഹുദവി പറമ്പിൽ പീടിക
10. ഡോ. അബ്ദുൽ ജലീൽ ഹുദവി പി.കെ.എം. വേങ്ങര
11. ഡോ. കെ.ടി അബ്ദുൽ ഗഫൂർ ഹുദവി പൊന്മള
12. ഡോ. അബ്ദുൽ ജലീൽ ടി. പെരിന്തൽമണ്ണ
13. അബ്ദുശ്ശകൂർ ഹുദവി ചെമ്മാട്
14. ഡോ. റഫീഖലി ഹുദവി പുഴക്കാട്ടിരി
15. ഡോ. ജഅ്ഫർ ഹുദവി കൊളത്തൂർ
16. ഡോ. സുഹൈൽ ഹുദവി ഹിദായ നഗർ
17. പി. അബ്ദുർറശീദ് ഹുദവി ഏലംകുളം
18. എ.പി മുസ്ഥഫ ഹുദവി അരൂർ
19. ഇ.കെ സിറാജുദ്ദീൻ ഹുദവി മേൽമുറി
20. ഡോ. ഇസ്മാഈൽ ഹുദവി ചെമ്മലശ്ശേരി
21. നൗഫൽ ഹുദവി തിരുവള്ളൂർ
22. എം.കെ ജാബിറലി ഹുദവി പടിഞ്ഞാറ്റുമുറി
23. പി.കെ നാസർ ഹുദവി കൈപ്പുറം
24. എ.വി ഉനൈസ് ഹുദവി ചെമ്മാട്

ശേഷം അജണ്ടകളിൽ വിശദമായ ചർച്ച നടന്നു.

**1. മുൻയോഗ റിപ്പോർട്ട് അവതരണം**

കഴിഞ്ഞ കൗൺസിൽ യോഗത്തിന്റെ റിപ്പോർട്ട് രജിസ്ട്രാർ അവതരിപ്പിച്ചു.

പുതുതായി തീരുമാനിച്ച പ്രകാരമുള്ള ഡിപ്പാർട്ട്മെന്റുകൾ ഡിഗ്രി തലത്തിൽ നിലവിൽ വന്നു. വനിതാ കോളേജിലും ഇപ്രകാരം ഡിപ്പാർട്ട്മെന്റുകൾ ആരംഭിച്ചു.


Hidaya Nagar, Chemmad, P.B.3, P.O. Tirurangadi, Malappuram, Kerala, India, 676306
www.dhiu.in info@dhiu.in +91 494 2463155, 2460575, 2464502 9745460575

അക്കാദമിക് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി കൂടാറുണ്ടോ എന്ന് ഡോ. യു.വി.കെ മുഹമ്മദ് ആരാഞ്ഞു. ബഹു. വി.സിയുടെ നേതൃത്വത്തിൽ കുല്ലിയ്യ ഡീനുമാരുടെ യോഗം ചേരാറുണ്ടെന്ന് രജിസ്ട്രാർ വിശദീകരിച്ചു.

റിപ്പോർട്ടുകൾ മെയിൽ വഴി മാത്രം അയക്കുന്നത് വായിക്കാൻ പ്രയാസം സൃഷ്ടിക്കുന്നുണ്ടെന്ന് ഡോ. യു.വി.കെ മുഹമ്മദ് അഭിപ്രായപ്പെട്ടു. അധിക അംഗങ്ങൾക്കും ഇ-മെയിൽ സൗകര്യപ്രദമാണെന്നും ആവശ്യക്കാർക്ക് മാത്രം പോസ്റ്റലായി കൂടി അയക്കാമെന്നും അംഗങ്ങൾ നിർദേശിച്ചു. ഡിഗ്രി ഡിപ്പാർട്ട്മെന്റുകളിലേക്ക് പ്രവേശനത്തിനുള്ള മാനദണ്ഡം എന്താണെന്ന് ഡോ. യു.വി.കെ മുഹമ്മദ് സർ ചോദിച്ചു. ദാറുൽഹുദായുടെ തന്നെ സീനിയർ സെക്കന്ററിയാണ് മാനദണ്ഡമെന്ന് മറുപടി പറഞ്ഞു.

ഓപ്ഷനുകളനുസരിച്ച് അഡ്മിഷൻ നൽകുന്നതിനാൽ വിദ്യാർഥികൾ സ്ഥാപനങ്ങൾ മാറുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് ഡോ. അബ്ദുൽ ഗഫൂർ ഹുദവി അന്വേഷിച്ചു. 90ലധികം വിദ്യാർഥികൾ സീനിയർ സെക്കന്ററി പഠിച്ച സ്ഥാപനത്തിൽനിന്ന് മാറി ഡിഗ്രി ആവശ്യാർഥം പുതിയ സ്ഥാപനങ്ങളിലേക്ക് ട്രാൻസ്ഫറായതായി രജിസ്ട്രാർ യോഗത്തെ അറിയിച്ചു. വരും വർഷങ്ങളിൽ കൂടുതൽ ട്രാൻസ്ഫറുകൾ ഉണ്ടാവാനിടയുള്ളതായി അംഗങ്ങൾ അഭിപ്രായപ്പെട്ടു.

**2. ബോർഡ് ഓഫ് സ്റ്റഡീസ് യോഗ തീരുമാനങ്ങൾ അന്തിമമാക്കൽ**

കുല്ലിയ്യ മേധാവികൾ തങ്ങളുടെ കീഴിലുള്ള ബോർഡുകളുടെ യോഗ തീരുമാനങ്ങൾ വിശദീകരിച്ചു.

2.1. കുല്ലിയ്യ ഓഫ് ഖുർആൻ ആന്റ് സുന്ന

2.1.1 സഊദി അറേബ്യ ആസ്ഥാനമായ മുഅസ്സസത്തുന്നബഅ് എന്ന ഏജൻസി നൽകുന്ന തദാറുസ് കോഴ്സ് താത്ക്കാലികമായി ഖുർആൻ ഡിപ്പാർട്ട്മെന്റിൽ നടപ്പാക്കുക.

2.1.2 മത്നുൽ അർബഈൻ അന്നവവി മനപാഠമാക്കി വിദ്യാർഥികൾക്ക് പ്രസ്തുത ഗ്രന്ഥത്തിന്റെ ഇജാസത്ത് നൽകുന്ന സംവിധാനം തുടങ്ങുക.

2.1.3 ദാറുൽഹുദാ സ്ഥാപനങ്ങൾക്കായി ഒരു ഹാസിബിനെ നിശ്ചയിക്കുക.

ഒരു ഹാസിബ് മുഴുവൻ സ്ഥാപനങ്ങൾക്കുമായി നിശ്ചയിക്കപ്പെട്ടാൽ സമയം തികയാത്തതിനാൽ ക്ലസ്റ്ററടിസ്ഥാനത്തിലോ, കഴിയുമെങ്കിൽ പാർട് ടൈമായോ മറ്റോ ഓരോ സ്ഥാപനവും സ്വന്തമായോ ഹാസിബിനെ നിശ്ചയിച്ചാലേ പ്രസ്തുത പദ്ധതി വിജയിക്കുകയുള്ളൂവെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. സ്ഥാപനങ്ങളും ക്ലസ്റ്ററുകളും ഹാസിബിനെ തീരുമാനിച്ചാലും നിയമനം ദാറുൽഹുദായുടെ അംഗീകാരത്തോടെ മാത്രമേ ആകാവൂ എന്ന് ഡോ. ജലീൽ സർ നിർദേശിച്ചു.

2.2. കുല്ലിയ്യ ഓഫ് ശരീഅ

2.2.1 മഹല്ലി, ജംഉൽ ജവാമിഅ് തുടങ്ങിയവയുടെ പുതിയ അധ്യാപന രീതി വിശദീകരിച്ചു.

2.2.2 ഫിഖ്ഹുൽഉസ്റ പേപ്പറിൽ മുസ്‌ലിം പേഴ്സണൽ ലോ നിയമങ്ങളും, ഫിഖ്ഹുൽമുഖാറനിൽ ഇന്ത്യൻ നിയമങ്ങളും ഉൾപെടുത്തുക.

2.2.3 മഹല്ലി പഠിപ്പിക്കാൻ ഹാശിയകളില്ലാത്ത കിതാബുകൾ സംഘടിപ്പിക്കുക.

ഹാശിയകളുള്ള ഗ്രന്ഥങ്ങളിൽ പഠിക്കുന്നത് വിശദമായ വായനക്ക് സൗകര്യപ്രദമാണല്ലോ എന്ന് കെ.സി മുഹമ്മദ് ബാഖവി ചോദിച്ചു. പക്ഷേ, കിതാബുകളുടെ വലിപ്പം കൂടുന്നത് വിദ്യാർഥികൾക്ക് ഭാരമായി അനുഭവപ്പെടാറുണ്ടെന്നും മത്നുകൾ അടിസ്ഥാനമാക്കി വിഷയാധിഷ്ഠിത പഠനമാണ് ഉദ്ദേശിക്കുന്നതെന്നും ഹാശിയകൾ ഇതിന് സഹായകരമല്ലെന്നും ഡോ. ജഅ്ഫർ ഹുദവി മറുപടി പറഞ്ഞു.

2.3. കുല്ലിയ്യ ഓഫ് ഉസ്വൂലുദ്ദീൻ

2.3.1 പി.ജിയിലെ പേപ്പറുകൾ റദ്ദുശ്ശുബുഹാത് (ഇസ്‌ലാമിനെതിരായ തെറ്റിദ്ധാരണകൾക്ക് മറുപടി പറയുക) എന്ന രീതിയിലുള്ളവയായിരുന്നു. അവ ഡിഗ്രി തലത്തിൽ പഠിപ്പിച്ച് പി.ജിയിൽ നഖ്ദുൽ അഫ്കാർ എന്ന രീതിയിലേക്ക് പേപ്പറുകൾ മാറ്റുന്നു.

2.32 Gender fluidity, Gender developement തുടങ്ങിയ സമകാലിക ചർച്ചകൾ ഉൾപെടുത്തുക.

വിഷയങ്ങളുടെ അധ്യാപന ഭാഷ ബോർഡ് തന്നെ നിർദേശിക്കണമെന്ന് ഡോ. യു.വി.കെ മുഹമ്മദ് സർ അഭിപ്രായപ്പെട്ടു.

2.4. കുല്ലിയ്യ ഓഫ് സോഷ്യൽ സയൻസസ്

2.4.1 ഇസ്‌ലാമിക് ഹിസ്റ്ററി വിഷയത്തിലുള്ള പേപ്പറുകൾ റീജിയണൽ ഹിസ്റ്ററി ഓഫ് ഇസ്‌ലാം എന്ന രീതിയിലേക്ക് മാറ്റുന്നു. ഡിഗ്രി ആദ്യ സെമസ്റ്ററിൽ ഇസ്‌ലാം ഇൻ പേർഷ്യ ആന്റ് സെൻട്രൽ ഏഷ്യ, രണ്ടാം സെമസ്റ്ററിൽ ഇസ്‌ലാം ഇൻ യൂറോപ്പ് ആന്റ് ആഫ്രിക്ക എന്നീ പേപ്പറുകൾ സംവിധാനിക്കുന്നു.

നഷ്ടപ്രാതാപത്തിന്റെ ചരിത്രം മാത്രം പഠിപ്പിക്കുന്നത് അപര്യാപ്തമാണെന്നും വിദ്യാർഥികളിൽ ശുഭാപ്തി വിശ്വാസം വർധിപ്പിക്കാൻ ആധുനിക യൂറോപ്പിലെ ഇസ്‌ലാമിക വളർച്ച കൂടി കരിക്കുലത്തിന്റെ ഭാഗമാക്കണമെന്നും ബഹു. വി.സി ബഹാഉദ്ദീൻ ഉസ്താദ് ആവശ്യപ്പെട്ടു.

2.5. കുല്ലിയ്യ ഓഫ് ലാംഗ്വേജസ് ആന്റ് ലിറ്ററേച്ചർ

2.5.1 നിലവിൽ പി.ജിയിൽ നൽകുന്ന ഇൻട്രൊഡക്ടറി പേപ്പറുകൾ ഡിഗ്രിയിലേക്കിറക്കുന്നു.

2.5.2 വിദ്യാർഥികളുടെ ഭാഷാ നൈപുണി വർധിപ്പിക്കുന്നതിന് ക്ലാസുകൾ അതതു ഭാഷയിൽ തന്നെ നിർവഹിക്കാൻ അധ്യാപകരോട് ആവശ്യപ്പെടുക.

ട്രാൻസ്‌ലേഷൻ പേപ്പറുകൾ തയ്യാറാക്കാൻ വിദേശ യൂണിവേഴ്‌സിറ്റികളുടെ മികച്ച മാതൃകകൾ ആശ്രയിക്കാമെന്ന് ബഹു. വി.സി അഭിപ്രായപ്പെട്ടു.

ഭാഷാ വികാസത്തിനായി ഭാഷാ പ്രസിദ്ധീകരണങ്ങളും മാഗസിനുകളും കൂടുതലായി കാമ്പസിലെത്തിക്കുക, ലഭ്യമല്ലാത്തവയുടെ സോഫ്റ്റുകോപ്പികൾ കണ്ടെത്തി വേണ്ട സൈസിൽ പ്രിന്റ് ചെയ്ത് വിദ്യാർഥികൾക്ക് ലഭ്യമാക്കുക തുടങ്ങിയ നിർദേശങ്ങൾ അംഗങ്ങൾ മുന്നോട്ട് വച്ചു.

ഇത്തരം മാഗസിനുകളുടെ ലിസ്റ്റ് കുല്ലിയയുടെ കീഴിൽ തയ്യാറാക്കി സ്ഥാപനങ്ങൾക്ക് അയച്ചുനൽകണമെന്ന് കൗൺസിലിലെ പ്രിൻസിപ്പൽമാർ ആവശ്യപ്പെട്ടു.

പ്രസിദ്ധീകരണങ്ങൾ എത്തിക്കുന്നത് വിദ്യാർഥികൾ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് ഡോ. കെ.ടി ജാബിർ ഹുദവി അന്വേഷിച്ചു. മുഴുവൻ പേരുമില്ലെങ്കിലും ഉപയോഗപ്പെടുത്തുന്നധാരാളം വിദ്യാർഥികളുണ്ടെന്ന് രജിസ്ട്രാർ മറുപടി പറഞ്ഞു.

ബോർഡ് നിർദേശങ്ങൾക്ക് യോഗം അംഗീകാരം നൽകി. ചർച്ചയിൽ വന്ന നിർദേശങ്ങൾ കൂടി പരിഗണിച്ച് അവ നടപ്പാക്കാൻ ആവശ്യപ്പെട്ടു.

**3. ഡിഗ്രി ഇന്റേൺഷിപ്പ് പ്രോഗ്രാം**

കഴിഞ്ഞ യോഗത്തിൽ നിർദേശിക്കപ്പെട്ട ഇന്റേൺഷിപ്പ് പ്രോഗ്രാമിന് ദാറുൽഹുദാ ക്വാളിറ്റി അഷ്വറൻസ് കോഡിനേറ്റർ പി.സി അമീറലിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡ്രാഫ്റ്റ് രജിസ്ട്രാർ അവതരിപ്പിച്ചു. വിദ്യാർഥികളുടെ നേതൃത്വ-ആശയ വിനിമയ- സാമൂഹിക ഇടപെടൽ ശേഷികൾ പോഷിപ്പിക്കാനായി ദാറുൽഹുദായുടെ ദഅ്‌വാ ലക്ഷ്യങ്ങൾക്ക് ഉതകുന്ന രീതിയിലാണ് പദ്ധതി ആവിഷ്‌കരിച്ചിട്ടുള്ളത്.

ഒരു ഗവർണറുടെ കീഴിൽ ചീഫ് നാഷണൽ കോഡിനേറ്റർ, പ്ലാനിംഗ് ബോഡി എന്നിവരും അവർക്ക് കീഴിൽ സ്പോൺസർ, പ്രോഗ്രാം ഓഫീസർ, ക്യാപ്റ്റൻ, വോളണ്ടിയേഴ്‌സ് എന്ന ക്രമത്തിലായിരിക്കും പദ്ധതിയുടെ ഘടന. നിലവിൽ ഡിഗ്രി വിദ്യാർഥികൾക്കാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ക്രമേണ സെക്കന്ററി തലത്തിലേക്ക് ഇറക്കുന്നത് ആലോചിക്കുന്നു.

കാമ്പസിനകത്തുള്ള വർക്കുകളും സാമൂഹിക സേവനങ്ങളുമായി ഡിഗ്രി കോഴ്‌സിൽ ആകെ 270 മണിക്കൂർ റെഗുലർ വർക്കുകൾ, ആകെ 15 ദിവസത്തെ സ്‌പെഷ്യൽ കാംപെയ്ൻ പരിപാടികൾ, 10 ദിവസത്തെ ഓർഗനൈസേഷണൽ വിസിറ്റുകൾ എന്നിങ്ങനെയാണ് പദ്ധതി പ്ലാൻ ചെയ്തിട്ടുള്ളത്.

പദ്ധതിയുടെ ഫലം കൃത്യമായി മനസ്സിലാക്കിക്കൊടുത്താൽ വിദ്യാർഥികൾ താത്പര്യത്തോടെ പങ്കെടുക്കുമെന്നും സജീവ പങ്കാളിത്തത്തിന് ഗ്രെയ്‌സ് മാർക് നൽകാമെന്നും അംഗങ്ങൾ നിർദേശിച്ചു. നിശ്ചയിക്കപ്പെടുന്ന വർക്കുകൾ വിദ്യാർഥി പൂർത്തിയാവാത്ത പക്ഷം എന്താണ് നടപടിയെന്ന് ഡോ. യു.വി.കെ മുഹമ്മദ് സർ അന്വേഷിച്ചു. കോഴ്‌സിന്റെ ഭാഗമായി നിശ്ചയിക്കപ്പെട്ടാൽ സ്വാഭാവികമായി വിദ്യാർഥികൾ പൂർത്തിയാക്കുമെന്നും പി.ജി പ്രവേശന മാനദണ്ഡമായി ഇതുകൂടി പരിഗണിക്കാമെന്നും രജിസ്ട്രാർ വ്യക്തമാക്കി.

പ്ലാനിംഗ് ബോഡിയിൽ നാർകോട്ടിക്‌സ്-സൈബർ രംഗത്തെ വിധഗ്ധരായ മുസ്‌ലിംകളെ ഉൾപെടുത്തണമെന്ന് യു.ശാഫി ഹാജി നിർദേശിച്ചു.

പദ്ധതിക്ക് ഉചിതമായ പേര് നൽകണമെന്ന് യോഗം നിർദേശിച്ചു. നിർദിഷ്ഠ പദ്ധതിയെ ഇന്റേൺഷിപ്പ് എന്ന് വിശേഷിപ്പിക്കുന്നതിന്റെ സാംഗത്യം ഡോ. ഫൈസൽ ഹുദവി മാരിയാട് അന്വേഷിച്ചു. ദാറുൽഹുദായെ സംബന്ധിച്ചിടത്തോളം വിദ്യാർഥികളുടെ പ്രവർത്തന മേഖല പൊതു സമൂഹമായതിനാലാണ് കമ്യൂണിറ്റി സർ

വീസിന് പ്രാധാന്യം നൽകി പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്നും ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഹാദിയ, ഇബാദ്, മറ്റു എൻ.ജി.ഒകൾ എന്നിവയുമായി സഹകരിച്ചായിരിക്കും ഇതു നടപ്പിൽ വരുത്തുകയെന്നും, പി.ജി വിദ്യാർഥികൾക്ക് അക്കാദമിക് സ്വഭാവമുള്ള ഇന്റേൺഷിപ്പ് തന്നെ നടപ്പാക്കുന്നതിനുള്ള ആസൂത്രണങ്ങൾ നടത്തുന്നുണ്ടെന്നും രജിസ്ട്രാർ വിശദീകരിച്ചു.

യൂണിവേഴ്സിറ്റികളിൽ എൻ.സി.സി, എൻ.എസ്.എസ് തുടങ്ങിയവയിൽ പ്രവേശനം ലഭിക്കാത്തവർക്ക് എസ്.എസ്.എസ് എന്ന പേരിൽ പദ്ധതിയുണ്ടെന്നും പ്രസ്തുത പദ്ധതി പൂർത്തിയാക്കിയാലേ ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ എന്നും, പ്രോഗ്രാം ഓഫീസർമാരുടെ കഴിവും ആത്മാർത്ഥതയുമാണ് പദ്ധതിയുടെ വിജയമെന്നും അവർക്ക് കൃത്യമായ ഓറിയന്റേഷൻ നൽകണമെന്നും ഡോ. കെ.ടി ജാബിർ ഹുദവി വ്യക്തമാക്കി.

സോഷ്യൽ മീഡിയ സാക്ഷരത, ഡിജിറ്റൽ ഗെയിം ചതിക്കുഴികൾ മുതലായവ കൂടി ഉൾപെടുത്തണമെന്ന് ഡോ. ജലീൽ സർ, അബ്ദുർറശീദ് ഹുദവി എന്നിവർ ആവശ്യപ്പെട്ടു.

<u>തീരുമാനം</u>

പദ്ധതി അടുത്ത അധ്യയന വർഷം മുതൽ ഡിഗ്രിയിൽ നടപ്പാക്കുകയും പൂർത്തിയാക്കുന്നവർക്ക് മാത്രം ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുക.

**4. സിപെറ്റ് കോഴ്സുകൾ**

സിപെറ്റിനുകീഴിൽ നിലവിൽ നടന്നുവരുന്ന സർട്ടിഫിക്കറ്റ് ഇൻ മോറൽ സയൻസ് (സി.എം.എസ്) കോഴ്സിന്റെ ഓൺലൈൻ പതിപ്പ് ആവിഷ്കരിക്കുന്ന വിവരം രജിസ്ട്രാർ അറിയിച്ചു. കോഴ്സിന്റെ ലക്ഷ്യം, സ്വഭാവം, ഫീ ഘടന തുടങ്ങിയവ അദ്ദേഹം അവതരിപ്പിച്ചു. കോഴ്സിന് യോഗം അംഗീകാരം നൽകി.

മോറൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആൺകുട്ടികൾക്ക് കൂടി തുടങ്ങണമെന്ന് യു.ശാഫി ഹാജി ആവശ്യപ്പെട്ടു.

സിപെറ്റ് സ്റ്റഡി സെന്ററുകൾക്ക് അംഗീകാര സർട്ടിഫിക്കറ്റ് നൽകുന്നത് സ്ഥാപനങ്ങളുടെ പ്രചാരണത്തിനും, വിദ്യാർഥികളെ ആകർഷിക്കാനും ഉപകരിക്കുമെന്ന് ഡോ. കെ.ടി ജാബിർ ഹുദവി അഭിപ്രായപ്പെട്ടു. അഞ്ചു വർഷം പൂർത്തിയായ സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ സർട്ടിഫിക്കറ്റും, അല്ലാത്തവർക്ക് സ്റ്റഡി സെന്റർ നോട്ടിഫിക്കേഷനും നൽകുന്നുണ്ടെന്ന് രജിസ്ട്രാർ വിശദീകരിച്ചു.

**5. പ്രൊമോഷൻ മാനദണ്ഡം**

5.1. 2017ൽ പരിഷ്കരിച്ച നിലവിലെ മാനദണ്ഡം പരീക്ഷ കൺട്രോളർ വിശദീകരിച്ചു. ഓരോ പേപ്പറിലും ഇരു സെമസ്റ്ററുകളിലുമായി ടേം എൻഡ് പരീക്ഷയിൽ 40 ശതമാനവും, സി.സി.ഇ അടക്കം ആകെ 40 ശതമാനവും കരസ്ഥമാക്കുന്നവർക്കാണ് നിലവിൽ പ്രൊമോഷൻ നൽകപ്പെടുന്നത്. ദാറുൽഹുദായിലെ മറ്റു സെക്ഷനുകളെ അപേക്ഷിച്ച് ഡിഗ്രിയിൽ ലളിതമായ മാനദണ്ഡമാണുള്ളതെന്ന് വിലയിരുത്തി.

5.2. നിലവിൽ വർഷാടിസ്ഥാനത്തിലാണ് പ്രൊമോഷൻ നൽകപ്പെടുന്നതെങ്കിലും പുതിയ പരിഷ്കരണം അനുസരിച്ച് ഓരോ സെമസ്റ്ററിലും പേപ്പറുകൾ മാറുന്നതിനാൽ ഓരോ പേപ്പറിലും പാസാവണമെന്ന് തീരുമാനിച്ചു. പരാജയപ്പെട്ട പേപ്പറുകൾ റമദാൻ സെമസ്റ്ററിനകം എഴുതിയെടുക്കേണ്ടതും അതിലും പരാജയപ്പെടുന്ന പക്ഷം വർഷം നഷ്ടപ്പെടുന്നതുമാണ്. കൂടാതെ ഓരോ വർഷവും ആകെ മാർക്കിന്റെ 50 ശതമാനം കരസ്ഥമാക്കണമെന്ന് നിശ്ചയിച്ചു. പരാജയപ്പെടുന്നവർ ഇംപ്രൂവ്മെന്റ് എഴുതി നിശ്ചിത ശതമാനം കരസ്ഥമാക്കേണ്ടതാണ്.

5.3. തളങ്കര മാലിക് ദീനാർ ഇസ്‌ലാമിക് അക്കാദമിയിൽ പഠിക്കുന്ന കാഴ്ച പ്രയാസമുള്ള വിദ്യാർഥിയുടെ ഡിഗ്രി ഡിസേട്ടേഷൻ ഇളവ് അനുവദിക്കാനുള്ള അപേക്ഷ യോഗം പരിഗണിച്ചു. ഡിസേട്ടേഷൻ തയ്യാറാക്കുന്നതിൽ ടൈപ്പിംഗ് സ്കിൽ ദാറുൽഹുദാ മാനദണ്ഡമല്ലാത്തതിനാൽ പൂർണമായി ഇളവ് നൽകേണ്ടതില്ലെന്നും സഹായത്തിന് വിദ്യാർഥികളെ അനുവദിക്കാമെന്നും ഇത്തരം വിദ്യാർഥികൾക്ക് ആധുനിക ഉപകരണങ്ങളും സംവിധാനങ്ങളും ഉപയോഗിച്ച് എഴുതാനും വായിക്കാനുമുള്ള പരിശീലനം നൽകുന്നതാണ് ഉചിതമെന്നും യോഗം അഭിപ്രായപ്പെട്ടു.

**6. അക്കാദമിക ദിവസങ്ങൾ കൃത്യപ്പെടുത്തൽ**

ദാറുൽഹുദായുടെ അക്കാദമിക പ്രവൃത്തി ദിനങ്ങളും അവധി ദിവസങ്ങളും കൗൺസിലിന്റെ തീരുമാനമായി വരേണ്ടതുണ്ടെന്ന് രജിസ്ട്രാർ ഉണർത്തി. നിലവിൽ നടന്നു പോരുന്ന ലീവ്-പ്രവൃത്തി ദിനങ്ങളുടെ ലിസ്റ്റ് താഴേ ചേർക്കുന്നു.

| ACADEMIC DAYS | | |
|---|---|---|
| | Maximum days | |
| | 1st Sem | 2nd Sem |
| Academic weeks | 17 weeks | 19 weeks |
| Examination days | 13 days | 14 days |
| Maximum working days | 114/115 | 127/128 |
| **TOTAL WORKING DAYS** | **242** | |

| PUBLIC LEAVES | |
|---|---|
| Ramadhan vacation | 44 days, Reopening on 45th day (Sha'ban 26 - Shawwal 9th) |
| Bakrid leave | 9 days, Reopening on 10th day (Dulhajj 08 - Dulhajj 16th) |
| Monthly leave | 2 days *8 times (Total 18 days) |

നിലവിലെ പ്രവൃത്തി ദിവസങ്ങളും അവധി ദിവസങ്ങളും യോഗം അംഗീകരിച്ചു.

6.1. ഒരു സെമസ്റ്ററിലെ മിനിമം പ്രവൃത്തി ദിനങ്ങൾ നിശ്ചയിക്കുന്നത് നിലവിൽ മുഴുവൻ ദിവസവും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾകൂടി കൂടുതൽ അവധി നൽകാൻ ഇടയാകുമെന്നും നിശ്ചിത പ്രവൃത്തി ദിവസങ്ങൾ ലഭിക്കാത്ത സ്ഥാപനങ്ങളിൽനിന്ന് ദിവസ നഷ്ടങ്ങൾക്ക് വിശദീകരണം തേടുന്നതാണ് നല്ലത് എന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു.

6.2. നിലവിലെ അക്കാദമിക് കലണ്ടർ പ്രകാരം ആഴ്ചയിൽ 4 പിരീഡുള്ള വിഷയങ്ങൾക്ക് റബീഅ് സെമസ്റ്ററിൽ 64-ും റമദാൻ സെമസ്റ്ററിൽ 72-ും പിരീഡുകളും 3 പിരീഡ് വീതമുള്ള വിഷയങ്ങൾക്ക് യഥാക്രമം 48-ും 54-ും പിരീഡുകളുമാണ് പരമാവധി ലഭിക്കുക. എന്നാൽ, അധ്യാപകരുടെ അവധികൾ, പൊതുപരിപാടികൾ, എക്സ്റ്റേണൽ പരീക്ഷകൾ തുടങ്ങിയ കാരണങ്ങളാൽ പല പിരീഡുകളും നഷ്ടപ്പെടാറുണ്ട്. അതിനാൽ ഓരോ സെമസ്റ്ററിലും നിർബന്ധമായും ലഭിക്കേണ്ട പിരീഡുകളുടെ എണ്ണം എങ്ങനെ നിശ്ചയിക്കാമെന്ന് ചർച്ച ചെയ്തു.

ഓരോ വിഷയത്തിനും ആകെ ലഭിക്കാവുന്ന പിരീഡുകൾക്ക് അനുസരിച്ച് സിലബസ് തയ്യാറാക്കുന്ന രീതിയാണ് നല്ലതെന്ന് ഡോ. ജലീൽ സർ, ഡോ. ഫൈസൽ ഹുദവി മാരിയാട് എന്നിവർ നിർദേശിച്ചു. ഓരോ മൊഡ്യൂളും ഓരോ ക്രെഡിറ്റായിരിക്കും. ഓരോ പേപ്പറും നിർബന്ധമായും കവർ ചെയ്യേണ്ട പിരീഡുകളുടെ എണ്ണം നിശ്ചയിക്കുകയും അവ കവർ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

ക്രഡിറ്റ് ഹവർ സിസ്റ്റം കൃത്യമായ രീതിയിൽ തയ്യാറാക്കാൻ ഡോ. ജലീൽ സാറെ ചുമതലപ്പെടുത്തി.

6.3. നിലവിൽ വിഷയങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ക്രെഡിറ്റ് ഹവറുകൾ പുനർനിശ്ചയിക്കുകയും അതിനനുസരിച്ച് സ്റ്റാഫിന്റെ എണ്ണം വർധിപ്പിക്കുകയും ചെയ്യണമെന്ന് നൗഫൽ ഹുദവി തിരുവള്ളൂർ ആവശ്യപ്പെട്ടു. നേരത്തേ യു.ജി സ്ഥാപനങ്ങളിലെ സ്റ്റാഫിന്റെ എണ്ണം 15 ആയിരുന്നത് 18ലേക്ക് ഉയർത്തിയതിന് ശേഷം സി.സി.ഇ അടക്കമുള്ള പദ്ധതികൾ നിലവിൽ വരികയും അധ്യാപകരുടെ വർക്ലോഡ് വർധിക്കുകയും ചെയ്തത് പരിഗണിക്കണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

വർക്ലോഡ് പ്രയാസകരമാവാനുള്ള മറ്റൊരു കാരണം ആകെയുള്ള അധ്യാപകരിൽ ആക്ടീവായവരുടെ എണ്ണം കുറയുന്നതുകൂടിയാണെന്ന് ഡോ. ഇസ്മാഈൽ ഹുദവി അഭിപ്രായപ്പെട്ടു.

**7. പി.ജി നിയമ നിർദേശങ്ങൾ**

പി.ജി കോഴ്സുമായി ബന്ധപ്പെട്ട നിയമങ്ങൾ ഡോ. റഫീഖലി ഹുദവി, റശീദ് ഹുദവി എന്നിവർ അവതരിപ്പിച്ചു. അംഗങ്ങൾ വേണ്ട നിർദേശങ്ങളും തിരുത്തലുകളും നൽകി.

പ്രധാന നിർദേശങ്ങളും ചർച്ചകളും

7.1. സ്പെഷ്യലൈസേഷൻ പേപ്പറുകൾക്ക് കോർ കോഴ്സെന്നും, എല്ലാവരും പഠിക്കേണ്ട പേപ്പറുകൾക്ക് കോമൺ കോഴ്സ് എന്നും ചോയ്സ് പേപ്പറുകൾക്ക് എലക്ടീവ് എന്നുമാണ് ഇന്ത്യൻ യൂണിവേഴ്സിറ്റികൾ ഉപയോഗിക്കുന്നതെന്ന് വിവിധ അംഗങ്ങൾ ചൂണ്ടിക്കാട്ടി. അതേസമയം, മലേഷ്യൻ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ കോർ കോഴ്സ് എല്ലാവരും പഠിക്കുന്ന പേപ്പറുകളാണെന്ന് ബന്ധപ്പെട്ടവർ വ്യക്തമാക്കി.

പേപ്പറുകളുടെ പേരിന് കൃത്യമായ മാനദണ്ഡമുണ്ടായാൽ മതിയെന്ന് ഡോ. ജലീൽ അഭിപ്രായപ്പെട്ടു.

ദാറുൽഹുദായെ സംബന്ധിച്ചിടത്തോളം കോർ കോഴ്സ് എല്ലാവരും പഠിക്കേണ്ട പേപ്പറുകളാണെന്നും, സ്പെഷ്യലൈസേഷൻ അതിലേക്ക് ചേർത്തുനൽകുന്നതാണെന്നും യോഗം വിലയിരുത്തി. ചോയ്സ് പേപ്പറുകൾക്ക് ഓപ്പൺ പേപ്പറുകൾ എന്ന പേര് തീരുമാനിച്ചു.

നാം സ്വീകരിക്കുന്ന സാങ്കേതിക പദങ്ങൾ മറ്റു യൂണിവേഴ്സിറ്റികൾക്ക് കൂടി സ്വീകാര്യമാകുന്ന രീതിയിലാകണമെന്ന് യോഗം നിർദേശിച്ചു.

7.2. വിദ്യാർഥികൾ പഠിക്കേണ്ട സ്പെഷ്യലൈസേഷൻ പേപ്പറുകളുടെ തീസിസ് മോഡ്, കോഴ്സ് വർക് മോഡ് എന്നീ കാറ്റഗറിക്കാർക്ക് യഥാക്രമം എണ്ണം സ്വന്തം ഡിപ്പാർട്ട്മെന്റിൽനിന്നും സിസ്റ്റർ ഡിപ്പാർട്ട്മെന്റിൽനിന്നും 4:2, 6:2 എന്ന അനുപാതത്തിലാണ് നിലവിലുള്ളത്. ഈ സിസ്റ്റം തുടരുകയും പ്രശ്നങ്ങൾ കാണുന്നുണ്ടെങ്കിൽ വരും വർഷങ്ങളിൽ അത് യഥാക്രമം മിനിമം 1, മാക്സിമം 2, മിനിമം 2, മാക്സിമം 3 എന്നിങ്ങനെയാക്കുകയും ചെയ്യാമെന്ന് യോഗം നിർദേശിച്ചു.

7.3. ഡിഗ്രി തലത്തിൽ സെമസ്റ്റർ പരീക്ഷാ-സി.സി.ഇ മാർക്കുകളുടെ അനുപാതം 80:20-ും, സ്പെഷ്യലൈസേഷൻ പേപ്പറുകളിൽ 60:40-ും ആക്കുക. മുഴുവൻ വിഷയങ്ങളിലും സി.സി.ഇ ഏർപ്പെടുത്തുക. ഓൺലൈൻ കാലത്തുള്ളതുപോലെ സി.സി.ഇക്ക് 50 മാർക്ക് നിലനിർത്തിക്കൂടേ എന്ന് നൗഫൽ ഹുദവി തിരുവള്ളൂർ ആവശ്യപ്പെട്ടു. വിദ്യാർഥികൾക്ക് ഭാരമായിത്തീരുകയും അശാസ്ത്രീയമായി മാർക്ക് നൽകുന്ന അവസ്ഥയുണ്ടാവുകയും ചെയ്യുമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

7.4. പി.ജി കോഴ്സ് പാസാവാൻ ആകെ മാർക്കിന്റെ 55 ശതമാനം കരസ്ഥമാക്കുക. പരാജയപ്പെട്ടവർ ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതി പാസാവേണ്ടതാണ്.

7.5. മോഡറേഷനു വിദ്യാർഥികൾ അപേക്ഷിക്കുന്ന സാഹചര്യമുണ്ടാവരുത്. അത്യാവശ്യ സന്ദർഭങ്ങളിൽ പരീക്ഷാ ബോർഡ് പഠിച്ച് നിശ്ചിത മാർക്ക് മോഡറേഷനായി നൽകേണ്ടതാണ്.

വിശദമായ രേഖ ഇതോടൊപ്പം ചേർക്കുന്നു.

**8. മറ്റു ചർച്ചകൾ**

8.1. വിദ്യാർഥികളുടെ മാനസിക സമ്മർദ്ദം കുറക്കാനും പരിഹാരം കാണാനുമായി സ്റ്റുഡന്റ്സ് വെൽഫെയർ ഓഫീസറെ നിയമിക്കുക.

8.2. ഡിഗ്രി അവസാന വർഷത്തെ വൈവയിൽ ഭാഗ്യം ഒരു ഘടകമായി വർത്തിക്കുന്നുണ്ടെന്ന് നൗഫൽ ഹുദവി അഭിപ്രായപ്പെട്ടു. ഏത് പരീക്ഷയിലും അഭിമുഖങ്ങളിലും അത്തരമൊരു ചാൻസ് നിലനിൽക്കുന്നുണ്ടെന്നും വേണമെങ്കിൽ മാർക്ക് നൽകുന്നതിൽ അധികാരമില്ലാതെ വിദ്യാർഥിയുടെ സ്ഥാപനത്തിൽ നിന്നുള്ള ഒരാളെക്കൂടി വൈവ പാനലിൽ ഉൾപെടുത്താമെന്നും അംഗങ്ങൾ നിർദേശിച്ചു. സ്വന്തം സ്ഥാപനത്തിലെ എക്സാമിനർ ഉണ്ടാവുന്നത് പ്രയാസം സൃഷ്ടിക്കുമെന്നും പ്രായോഗികമായി സാധ്യമായ രീതിയിൽ പാനൽ 3 ആളുകളാക്കി നിശ്ചയിക്കാമെന്നും മാർക്ക്ലിസ്റ്റ് മാർക്ക് ലിസ്റ്റിനൊപ്പം പെർഫമൻസ് ഹിസ്റ്ററി രേഖപ്പെടുത്തുന്ന രീതിയിൽ ക്രമീകരിക്കാമെന്നും പരീക്ഷാ കൺട്രോളർ മറുപടി പറഞ്ഞു.

8.3. വൈവ പാനലിലെ അധ്യാപകരെ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിന് പകരം പരീക്ഷാ ബോർഡിന്റെ നേതൃത്വത്തിൽ നിശ്ചയിക്കുക.

8.4. എക്സാമിനേഷൻ നിയമങ്ങൾ പരാമർശിക്കുന്ന സ്റ്റാറ്റ്യൂട്ട് നിർമിക്കുക. ഓഫീസ് കൂടുതൽ സ്വതന്ത്രവും വിശാലവുമാക്കുക.

8.5. യു.ജി.സിയുടെ അംഗീകാരമുള്ള ഓൺലൈൻ ഡിഗ്രിയുടെ സ്ഥിതി എന്താണെന്ന് രജിസ്ട്രാർ യോഗാംഗങ്ങളോട് അന്വേഷിച്ചു. അംഗീകാരം ഉണ്ടെങ്കിലും ഓണ്ലൈൻ ക്ലാസുകളുടെ സമയം, വേണ്ട ഉപകരണങ്ങൾ, ക്ലാസ് സമയം, അറ്റൻൻസ് തുടങ്ങിയ കാര്യങ്ങൾ ദാറുൽഹുദാ വിദ്യാർഥികൾക്ക് പിന്തുടരാൻ പ്രയാസമായിരിക്കുമെന്ന് അംഗങ്ങൾ വിശദീകരിച്ചു.

ഉച്ചക്ക് 1.30-ന് യോഗം സമാപിച്ചു.

**Approved by:**

Dr. Bahauddeen Muhammed Nadwi
(Vice Chancellor)